## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം)

## നടപടിക്രമം, തിരുവനന്തപുരം.

വിഷയം- ആ.വ.ഡ- ജീവനക്കാര്യം - ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1) സ.ഉ. (സാധാ) നം. 825/2019/ആ.കു.വ, തീയതി 01-04-2019

2) 30-08-2019 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.

3) നം. എ2-16977/2019/ജി.മെ.ആ. കണ്ണൂർ, തീയതി 27-09-2019

4) വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകൾ മുഖേന ലഭ്യമായ അപേക്ഷകൾ.

### ഉത്തരവ് നം.ഇ.ജി4-81702/2017/ആ.വ.ഡ, തീയതി 22-10-2019

പരാമർശം (2) ഉത്തരവിൽ (ക്രമ നം. 17) ഉൾപ്പെട്ട ശ്രീ. മുരളീധരൻ.ടി.കെ.യുടെ അപേക്ഷ (പരാമർശം 3) പരിഗണിച്ച് ടിയാന് കോഴിക്കോട് ജില്ലയിലേക്ക് അനുവദിച്ച സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കിയും നിലവിലെ സ്ഥാപനത്തിൽ തുടരുന്നതിനും, പരാമർശം (1) ഉത്തരവ് പ്രകാരം കണ്ണൂർ ഇളയാവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ശ്രീ. ബഷീർ.കെ.സി.യെ പ്രസ്തുത ഒഴിവിലേക്കു പരിഗണിച്ചും ഉത്തരവാകുന്നു. മേൽ പരാമർശിച്ച പരിഷ്കരണങ്ങളൊഴികെ പരാമർശം (2) ഉത്തരവ് മാറ്റമില്ലാതെ തുടരുന്നതാണ്.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ നിലവിലെ ഒഴിവുകളിലേക്ക് പരാമർശം (4) അപേക്ഷകൾ പരിഗണിച്ച് നിലവിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കു വിധേയമായി ചുവടെ ചേർത്തിരിക്കുന്ന ജില്ലകളിലേക്കു സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിലെ സ്ഥാപനവും | അനുവദിക്കപ്പെട്ട ജില്ല | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ. ആന്റണി ജോസ്.പി.ജെ.<br>പി.എച്ച്.സി. പുറക്കാട്,<br>ആലപ്പുഴ | ഇടുക്കി | |
| 2. | ശ്രീ. അജിത്ത് കുമാർ.ആർ.<br>ഡി.വി.സി. യൂണിറ്റ് തുമ്പമൺ<br>പത്തനംതിട്ട | കൊല്ലം | |
| 3. | ശ്രീ. ഷൈജു.സി.വി.<br>പി.എച്ച്.സി. താനാളൂർ<br>മലപ്പുറം | തൃശ്ശൂർ | |
| 4. | ശ്രീ. ഹരിലാൽ.ആർ<br>സി.എച്ച്.സി. എലഞ്ഞിപ്ര<br>തൃശ്ശൂർ | ആലപ്പുഴ | ഒ.എ. 1581/2019 |
| 5. | ശ്രീ. ഗോപിനാഥ്.പി<br>എഫ്.എച്ച്.സി. ദേശമംഗലം,<br>തൃശ്ശൂർ | മലപ്പുറം | |
| 6. | ശ്രീ. മുഹമ്മദ് ഇക്ബാൽ.കെ.വി.<br>എഫ്.എച്ച്.സി. വേലൂർ<br>തൃശ്ശൂർ | മലപ്പുറം | |

5156884

GOVERNMENT OF KERALA 2017-18

മേൽ പരാമർശിച്ച ജീവനക്കാർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ അടിയന്തിരമായി നിയമനം നൽകേണ്ടതും നിയമനം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപന മേധാവികൾ സേവനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്. ആരോഗ്യ വകുപ്പു ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് പ്രവേശന / വിടുതൽ രേഖകൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ചു നൽകുന്നതല്ല.

മേൽ ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച സ്ഥാപനം, തീയതി എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. മീനാക്ഷി.വി**
**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)**

സ്വീകർത്താവ്

ബന്ധപ്പെട്ട വ്യക്തികൾ

പകർപ്പ്:

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3. ഫയൽ/കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം //**

സൂപ്രണ്ട്